# ക്രിസ്തുവാകുന്ന കോട്ട

## സങ്കീർത്തനങ്ങൾ 31:3

**"നീ എന്റെ പാറയും എന്റെ കോട്ടയുമല്ലോ. നിന്റെ നാമംനിമിത്തം എന്നെ നടത്തി പാലിക്കേണമേ."**

സകല മനുഷ്യർക്കും ജീവിതത്തിൽ ഒരു അടിസ്ഥാനം ആവശ്യമാണ്. ദാവീദിന്റെ ജീവിതത്തിന്റെ അടിസ്ഥാനം എന്തെന്ന് ദൈവവചനത്തിലൂടെ ഇവിടെ വെളിപ്പെടുത്തുന്നു. ഉറപ്പുള്ള പാറയായി യഹോവ കൂടെയുണ്ടെന്നും, രക്ഷിക്കുന്ന കോട്ടയായും അവൻ എപ്പോഴും ഉണ്ടെന്നും നിസംശയം ദാവീദ് ഇവിടെ സമ്മതിക്കുന്നു. ഒരു ദൈവപൈതലിന്റെ ജീവിതാടിസ്ഥാനവും, ഉറപ്പും ഇതുതന്നെയല്ലേ. ഇതിൽ കൂടുതലായി ഒരു സംരക്ഷണം നമുക്ക് എവിടെ ലഭിക്കും.

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് അവന്റെ മക്കളായിത്തീർന്ന സകലരുടെയും അതിശയകരമായ സംരക്ഷണ രഹസ്യം ഇവിടെ കണ്ട രണ്ടു കാര്യങ്ങൾ മാത്രമാണ്. 'പാറയും', 'കോട്ടയും' ആയവന്റെ സാന്നിദ്ധ്യം. പലപ്പോഴും നാം അത് മറന്നു പോകുന്നവരാണ്. അതുമല്ലെങ്കിൽ ആ മധുര സാന്നിദ്ധ്യം ആസ്വദിക്കാൻ പറ്റാതെ പോകുന്നവരാകുന്നു. കാരണം ഓരോരുത്തരും തന്റേതായ നിലപാടിലും, ശക്തിയിലും, കാഴ്ചപ്പാടിലും മാത്രം ഉറച്ചു നിൽക്കുന്നു. 'കർതൃത്വം' കർത്താവിനാണ് എന്നൊക്കെ പലപ്പോഴും നാം പറയും . എന്നാൽ 'സ്വയം' എന്ന വലിയ 'കോട്ട' നാം തന്നെ നമ്മിൽ നിർമ്മിച്ചു വെച്ചിരിക്കുന്നു. ഈ കോട്ട ജീവിതത്തിൽ നിന്ന് തകർത്തു കളയാത്തിടത്തോളം കാലം ദൈവീക സംരക്ഷണത്തിന് തടസ്സം സൃഷ്ടിക്കും. സ്വന്തം ശക്തിയിലും പ്രതാപത്തിലും ഉറപ്പിച്ചിരിക്കുന്നതായ കോട്ടകളുടെ മേൽ ഇന്ന് ജയം പ്രാപിക്കണമെങ്കിൽ യേശുവാകുന്ന വൻകോട്ടയുടെ സാന്നിദ്ധ്യം അവിടെ കടന്നുവന്നേ മതിയാകൂ.

'കോട്ടകൾ' അത് ഓരോ ജീവിതത്തിലും, വ്യക്തിയിലും, സാഹചര്യത്തിലും വ്യത്യസ്തങ്ങളാകാം. ദൈവഹിതം നിറവേറ്റപ്പെടുവാൻ നമ്മിൽ തടസ്സമായി നിൽക്കുന്ന എന്തും, അഥവാ ജീവിതത്തിൽ നിന്ന് ദൈവകരങ്ങളിൽ വിട്ടുകൊടുക്കാൻ ഇനിയും ബാക്കിനിൽക്കുന്നതായ എന്തും കോട്ടകൾ തന്നെയാകുന്നു. ഒരു കുഴിമുയൽ പാറയുടെ പിളർപ്പിനുള്ളിൽ ഇരിക്കുമ്പോൾ അതിനെ ഭയപ്പെടുത്തുന്ന എന്തുതന്നെ പുറത്തു നിന്നാലും ഒരു പ്രശ്നവുമില്ല. പാറയുടെ പിളർപ്പിൽ നിന്ന് എപ്പോൾ പുറത്തു ചാടുന്നുവോ ആ നിമിഷം അവയുടെ ജീവിതം അപകടത്തിൽ ആകുന്നു. ഒരു ദൈവപൈതലിന്റെ അവസ്ഥ ഇതു തന്നെ. ക്രിസ്തുവാകുന്ന പാറയ്ക്കുള്ളിൽ നാം സുരക്ഷിതരാണെന്ന ബോധം മറ്റ് ഏത് പ്രതികൂലങ്ങളെയും

ജയിച്ചടക്കാൻ സഹായിക്കും. നമ്മെ നോക്കി പരിഹസിക്കുന്ന സകല സിംഹങ്ങളെയും വെല്ലുവിളിക്കാൻ ഈ സംരക്ഷണം മാത്രം മതി.

'ടൈറ്റാനിക്ക്' എന്ന ശക്തമായ കപ്പലിനുണ്ടായ നാശം ഏവർക്കും സുപരിചിതമായ ഒരു ചരിത്രസത്യം ആകുന്നുവല്ലോ. യാതൊന്നിനും തകർക്കുവാൻ കഴിയാത്ത സാങ്കേതികവിദ്യ യുടെ സഹായത്തോടെ നിർമ്മിച്ചതായ ആ കപ്പൽ ഒരു മഞ്ഞുകട്ടയുടെ മുമ്പിൽ ഒന്നുമില്ലാതെയായി. ഈ കാഴ്ച തന്നെയാണ് ഇന്നും ദൈവാശ്രയമില്ലാതെ മുന്നോട്ടു പോകുമ്പോൾ നാം കാണുന്നത്. നാം ആശ്രയിച്ചും, ഉറച്ചും ഇരിക്കുന്ന പലതിലും പൂർണ്ണമായി അർപ്പിച്ചു കൊണ്ട് മുന്നേറുമ്പോൾ കാണാൻ കഴിയാത്ത മഞ്ഞുകട്ടകൾ മുമ്പിൽ ഉണ്ടാകുമെന്ന് ഓർക്കുക. "ജയത്തിനു കുതിര വ്യർത്ഥമാകുന്നു; തന്റെ ബലാധിക്യംകൊണ്ടു അതു വിടുവിക്കുന്നതുമില്ല" ദൈവവചനം നമ്മെ അതാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് മുന്നിലുള്ള മഞ്ഞുകട്ടകളെ മാർഗ്ഗമധ്യേ നിന്നു മാറ്റി വഴി തടസ്സമില്ലാതെ നീങ്ങണമെങ്കിൽ ദൈവീകകോട്ടയുടെ സാന്നിദ്ധ്യവും, ശക്തിയും മാത്രം മതി. പ്രിയ ദൈവമക്കളെ കർത്താവുമായുള്ള ജീവിതയാത്രയിൽ നാം ആയിരിക്കുമ്പോൾ, കുഴിമുയലിനെപ്പോലെ പാറയ്ക്കുള്ളിൽ തന്നെ ഇരുന്നുകൊണ്ട് മുമ്പിലുള്ള സകല കോട്ടകളെയും 'ക്രിസ്തുവാകുന്ന കോട്ടയാൽ' മാത്രം തകർത്ത് ജയിച്ചു മുന്നേറാൻ ഇടയാകട്ടെ.

പരാമർശം :

സങ്കീർത്തനം 18:2

യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 027